ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

   **Preparations underway at Kartavya Path for 77th Republic Day Parade. President Droupadi Murmu will address the nation today on the eve of Republic Day.**

2. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11-ന്.

   **Prime Minister Narendra Modi will share his thoughts with the people of the country and abroad in the Mann Ki Baat programme on Akashvani at 11 AM today.**

3. ഇന്ന് ദേശീയ സമ്മതിദായക ദിനം. ന്യൂഡൽഹിയിൽ നടക്കുന്ന ദിനാഘോഷങ്ങളിൽ രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും.

   **The Election Commission will celebrate the 16th National Voters' Day in New Delhi today. President Droupadi Murmu will preside over the celebrations as the Chief Guest.**

4. സംശുദ്ധ വോട്ടർ പട്ടിക ജനാധിപത്യത്തിന്റെ അടിത്തറയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. സമ്മതിദാനത്തെ കുറിച്ചുള്ള മികച്ച പ്രചാരണ പരിപാടികൾക്കുള്ള പുരസ്കാരം ആകാശവാണി വാർത്താ സേവന വിഭാഗത്തിന്.

**Chief Election Commissioner Gyanesh Kumar has said that pure electoral rolls are the bedrock of democracy. Akashvani's News Service Division will receive a media award in the category of Electronic Radio for Best Campaign on Voters' Education Awareness for the year 2025.**

5. **പതിനാറാമത് അന്താരാഷ്ട്ര നാടകോത്സവത്തിന് ഇന്ന് തൃശ്ശൂരിൽ അരങ്ങ് ഉണരും.**

**The 16th International Theatre Festival will begin today in Thrissur.**

6. **ഇന്ത്യ-ന്യൂസിലൻഡ് പുരുഷ ട്വന്റി-20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് ഗുവാഹത്തിയിൽ.**

**In Cricket, third Twenty20 match between India and New Zealand will be played at Guwahati today.**

**&&&&&&&&&&&&&&&**

## PREZ - ADDRESS

77-ാമത് റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. രാത്രി 7 മുതൽ ആകാശവാണിയുടെ ദേശീയ ശൃംഖലകളിലൂടെയും ദൂരദർശന്റെ എല്ലാ ചാനലുകളിലൂടെയും പരിപാടി പ്രക്ഷേപണം ചെയ്യും. ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലുമായിരിക്കും രാഷ്ട്രപതിയുടെ അഭിസംബോധന. ആകാശവാണിയുടെ പ്രാദേശിക ശൃംഖലകളിലൂടെ രാത്രി 9.30 മുതൽ പ്രസംഗം പ്രാദേശിക ഭാഷകളിൽ കേൾക്കാം.

**&&&&&&&&&&&&&&&**

## REPUBLIC DAY CELEBRATION

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. കർത്തവ്യപഥിൽ നാളെ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നും ഈ വർഷത്തെ മുഖ്യാതിഥികളായിരിക്കും. രാജ്യത്തിന്റെ സാംസ്കാരിക - സൈനിക ശക്തിയുടെയും പൈതൃകത്തിന്റെയും സവിശേഷമായ ദൃശ്യവിരുന്നിനാകും

കർത്തവ്യ പഥ് സാക്ഷ്യം വഹിക്കുക. വന്ദേമാതരത്തിൻ്റെ 150 വർഷം എന്നതാണ് ഇത്തവണത്തെ പരേഡിൻ്റെ പ്രമേയം. പരേഡിൽ 17 സംസ്ഥാനങ്ങളുടെ നിശ്ചല ദൃശ്യവും അരങ്ങേറും. റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി കനത്ത സുരക്ഷയിലാണ് രാജ്യ തലസ്ഥാനം.

&&&&&&&&&&&&&&&

## PANCHAYATI RAJ-SPECIAL GUESTS

തിരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപന പ്രതിനിധികളെ ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം ആദരിക്കും. റിപ്പബ്ലിക് ദിന പരേഡ് വീക്ഷിക്കാൻ പ്രത്യേക അതിഥികളായി ഇവർക്ക് ക്ഷണം ലഭിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ സുപ്രധാന പദ്ധതികളിൽ, മികച്ച പ്രകടനം കാഴ്ചവെച്ച പഞ്ചായത്തുകളിൽ നിന്നുള്ള 240 അധ്യക്ഷൻമാർ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. യുണിസെഫുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത 'പഞ്ചാം ചാറ്റ്ബോട്ട്' പരിപാടിയിൽ പുറത്തിറക്കും.

&&&&&&&&&&&&&&&

## REPUBLIC DAY - SCHOOL BAND

റിപ്പബ്ലിക് ദിനതോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന ദേശീയ സ്കൂൾ ബാൻഡ് മത്സരത്തിൽ കേരളത്തിന് നേട്ടം. പെൺകുട്ടികളുടെ ബ്രാസ് ബാൻഡ് വിഭാഗത്തിൽ കോഴിക്കോട് പ്രൊവിഡൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ഒന്നാമതെത്തി. ആൺകുട്ടികളുടെ ഇതേ വിഭാഗത്തിൽ കാസർകോട്, പെരിയ പിഎം ശ്രീ ജവഹർ നവോദയ വിദ്യാലയം സമാശ്വാസ സമ്മാനം നേടി. 763 സ്കൂൾ ബാൻഡ് ടീമുകളിൽ നിന്നാണ് കേരളത്തിലെ സ്കൂളുകൾ ഈ നേട്ടം കൈവരിച്ചത്.

&&&&&&&&&&&&&&&

## REPUBLIC DAY - KERALA

കേരളത്തിൽ റിപ്പബ്ലിക് ദിനാഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നാളെ രാവിലെ 9 ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. ജില്ലാ

ആസ്ഥാന ങ്ങളിൽ മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11-ന്. പരിപാടിയുടെ 130-ാാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് മലയാള പരിഭാഷ പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&

## VOTERS DAY CELEBRATION (INTRO)

ഇന്ന് ദേശീയ സമ്മതിദായക ദിനം. ന്യൂഡൽഹിയിൽ നടക്കുന്ന പതിനാറാമത് ദേശീയ വോട്ടർ ദിന ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയായി പങ്കെടുക്കും.

**വിശദാംശങ്ങളിലേക്ക്.....**

**(ഹോൾഡ് വോയിസ്)**

&&&&&&&&&&&&&&

## VOTERS DAY CELEBRATION (VOICE)

ഇന്ത്യൻ ജനാധിപത്യത്തെ ആഘോഷിക്കുന്നതും, തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഓരോ പൗരന്റെയും പങ്ക് അടിവരയിടുന്നതുമാണ് ദേശീയ സമ്മതിദായക ദിനാചരണം. 1950 ജനുവരി 25 നായിരുന്നു തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപിക്കപ്പെട്ടത്. 2011 മുതൽ ജനുവരി 25 ദേശീയ വോട്ടർസ് ദിനമായി ആഘോഷിക്കുന്നു. "എന്റെ ഇന്ത്യ, എന്റെ വോട്ട്" എന്നതാണ് ഇത്തവണത്തെ പ്രമേയം. പൗരകേന്ദ്രീകൃതമായി തിരഞ്ഞെടുപ്പ് പ്രക്രിയകൾ രൂപകൽപ്പന ചെയ്യുന്നതിനുള്ള തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതിബദ്ധത ഇത് അടയാളപ്പെടുത്തുന്നു. ന്യൂഡൽഹിയിൽ നടക്കുന്ന ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. യുവ വോട്ടർമാർക്ക് രാഷ്ട്രപതി ഇലക്ടറൽ ഫോട്ടോ ഐഡന്റിറ്റി കാർഡുകൾ കൈമാറും. വിവിധ വിഭാഗങ്ങളിലെ പുരസ്കാരങ്ങളും, മാധ്യമങ്ങൾക്കുള്ള അവാർഡുകളും രാഷ്ട്രപതി സമ്മാനിക്കും. രാജ്യമെമ്പാടും

ദിനാചരണത്തിന്റെ ഭാഗമായി വിവിധ  പരിപാടികൾ നടക്കും.
**ന്യൂസ് ഡെസ്ക്, ആകാശവാണി......**

**&&&&&&&&&&&&&&**

## VOTERS DAY - GOVERNOR

മേരാ യുവ ഭാരതും സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിക്കുന്ന പദയാത്രയും 'സൺഡേസ് ഓൺ സൈക്കിൾ റാലി'യും  ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരത്ത് അല്പസമയത്തിനകം ഫ്ലാഗ് ഓഫ് ചെയ്യും. സമ്മതിദായക ദിനാചരണങ്ങളുടെ ഭാഗമായാണ് പദയാത്ര. കവടിയാർ സ്വാമി വിവേകാനന്ദ പാർക്ക് മുതൽ തൈക്കാട് പോലീസ് ഗ്രൗണ്ട് വരെയാണ് റാലി.

**&&&&&&&&&&&&&&**

## AKASHVANI AWARD

സമ്മതിദായകർക്കിടയിൽ അവബോധം വർധിപ്പിക്കുന്നതിനായി നടത്തിയ മികച്ച പ്രചാരണ പരിപാടികൾക്കുള്ള മാധ്യമപുരസ്കാരം ആകാശവാണിയുടെ വാർത്താ സേവന വിഭാഗത്തിന്. ഇലക്ട്രോണിക് റേഡിയോ വിഭാഗത്തിലാണ് പുരസ്കാരം.  സമ്മതിദായകദിനാഘോഷത്തിൻറെ ഭാഗമായി ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി അവാർഡ് സമ്മാനിക്കും.

**&&&&&&&&&&&&&&**

## PRAGATI SPECIAL STORY

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിന് 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ദേശീയ പാത ഇരുപത്തി രണ്ടിൽ ഹിമാചൽ പ്രദേശിലെ പർവാനോ- സോളൻ സ്ട്രെച്ച് വിപുലീകരണത്തിൽ കൈവരിച്ച പുരോഗതി പ്രഗതി സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ്. ഭൂമി ഏറ്റെടുക്കൽ, വനം അനുമതികൾ, നഷ്ടപരിഹാര വിതരണം എന്നിവയുമായി ബന്ധപ്പെട്ട് നിരവധി വെല്ലുവിളികൾ

പദ്ധതിയെ ബാധിച്ചിരുന്നെങ്കിലും കൃത്യമായ അവലോകനത്തിലൂടെ 2023 ഡിസംബറിൽ ഇത് പൂർത്തിയാക്കാനായി.

&&&&&&&&&&&&&&

**HC JUDGE – DEMISE**

കേരള ഹൈക്കോടതി മുൻ ജഡ്ജിയും നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൻറെ ആക്ടിങ് വൈസ് ചാൻസലറുമായ ജസ്റ്റിസ് S. സിരിജഗൻ അന്തരിച്ചു. കേരളത്തിലെ തെരുവുനായ ശല്യം പഠിക്കാനും ഇരകൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കാനുമായി സുപ്രീം കോടതി നിയോഗിച്ച സമിതിയുടെ അധ്യക്ഷനായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&

**PARLIAMENT**

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ബുധനാഴ്ച ആരംഭിക്കും. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെന്റിൽ സമർപ്പിക്കും.

&&&&&&&&&&&&&&

**EC – WB – SIR**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച വിവരങ്ങൾ അതത് ദിവസം തന്നെ പോർട്ടലിൽ ചേർക്കണമെന്ന് പശ്ചിമ ബംഗാൾ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി. ഹിയറിങ്ങിനിടെ സമർപ്പിക്കുന്ന SIR സംബന്ധിച്ച എല്ലാ റിപ്പോർട്ടുകളും അതേ ദിവസം തന്നെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ECInet പോർട്ടലിൽ അപ്ലോഡ് ചെയ്യാനാണ് നിർദേശം.

&&&&&&&&&&&&&&

## SIR

കേരളത്തിൽ വോട്ടർപട്ടിക കൈപ്പുസ്തകത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ച്, ബി.എൽ.എ-മാർ സമർപ്പിക്കുന്ന ഫോമുകൾ സ്വീകരിക്കാൻ ഇ.ആർ.ഒ-മാർക്കും ബി.എൽ.ഒ-മാർക്കും മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ.യു.കേൽക്കർ നിർദ്ദേശം നൽകി. മിക്ക ബി.എൽ.ഒ-മാരും ഫോമുകൾ സ്വീകരിക്കുന്നില്ല എന്ന രാഷ്ട്രീയ പാർട്ടികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് നിർദ്ദേശം.

അതെസമയം, തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&

## CEC-SIR (INTRO)

സംശുദ്ധ വോട്ടർ പട്ടിക ജനാധിപത്യത്തിന്റെ അടിത്തറയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. യോഗ്യരായ എല്ലാവരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, അയോഗ്യരെ നീക്കം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമാണ് വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണം ആരംഭിച്ചത്. ബിഹാറിൽ ഇത് വിജയകരമായി പൂർത്തിയാക്കിയതായും അദ്ദേഹം ദേശീയ വോട്ടർ ദിനത്തോടനുബന്ധിച്ച് നൽകിയ സന്ദേശത്തിൽ അറിയിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## ITFOK - 2026

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന പതിനാറാമത് അന്താരാഷ്ട്ര നാടകോത്സവത്തിന് ഇന്ന് തൃശ്ശൂരിൽ അരങ്ങ് ഉണരും. മന്ത്രി കെ.രാജൻ ഉദ്ഘാടനം ചെയ്യും. അർജെന്റീനയിൽ നിന്നുള്ള നാടകമായ ഫ്രാങ്കെൻസ്റ്റൈൻ പ്രൊജക്റ്റ് - വൈകിട്ട് അരങ്ങേറുന്നതോടെ നാടകോത്സവത്തിന് ഔദ്യോഗികമായി തുടക്കമാകും.

&&&&&&&&&&&&&&&

## FILM AWARD - CM

2024-ലെ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡുകൾ വിതരണം ചെയ്യും.കേരള സർക്കാരിൻറെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി ഡാനിയേൽ പുരസ്കാരം നടി ശാരദ, മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങും.

&&&&&&&&&&&&&&

## IND-NZ T20

ഇന്ത്യ-ന്യൂസിലൻഡ് പുരുഷ ട്വൻറി-20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. രാത്രി 7 മണിക്ക് ഗുവാഹാട്ടിയിലെ എ സി എ സ്റ്റേഡിയത്തിലാണ് മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിൽ 2-0 ന് ഇന്ത്യ മുന്നിലാണ്.

&&&&&&&&&&&&&&

## ICC - T20 WC - BANGLADESH

ടി-20 ലോകകപ്പ് ഗ്രൂപ്പ് സിയിൽ ബംഗ്ലാദേശിന് പകരം സ്കോട്ലൻഡിനെ ഉൾപ്പെടുത്തുമെന്ന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ. ഇന്ത്യയിൽ ഷെഡ്യൂൾ ചെയ്ത മത്സരങ്ങൾ മാറ്റണമെന്ന ബംഗ്ലാദേശിന്റെ ആവശ്യം ഐസിസി നയത്തിന് അനുസൃതമല്ലെന്നും, കൗൺസിൽ ചീഫ് എക്സിക്യൂട്ടീവ് വ്യക്തമാക്കി. നിലപാട് പുനഃപരിശോധിക്കാൻ ബംഗ്ലാദേശിന് സമയം അനുവദിച്ചിരുന്നു. ഇന്ത്യയും ശ്രീലങ്കയും ആതിഥേയത്വം വഹിക്കുന്ന ലോകകപ്പ്, അടുത്ത മാസം ഏഴിനാണ് ആരംഭിക്കുന്നത്.

&&&&&&&&&&&&&&

## INDIAN RAILWAYS – ANANTNAG

കശ്മീർ താഴ്വരയിലേക്കുള്ള ചരക്ക് ഗതാഗതത്തിൽ സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തി ഭക്ഷ്യധാന്യം കയറ്റിയ ചരക്ക് ട്രെയിൻ കഴിഞ്ഞ ദിവസം അനന്ത്നാഗിലെത്തി. ഈ മേഖലയിലേക്ക് എല്ലാ കാലാവസ്ഥയിലും ലഭ്യമായ റെയിൽ ഗതാഗത സൗകര്യത്തിന്റെ കരുത്താണ് ഇതിലൂടെ പ്രകടമാകുന്നത്. ചരക്കുനീക്കത്തിന്റെ ചെലവ് കുറയ്ക്കാൻ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി നടത്തിയ ഏകോപനത്തിലൂടെ ചരിത്രത്തിലാദ്യമായി 2,768 മെട്രിക് ടൺ അരി കയറ്റിയ 42 വാഗണുകളടങ്ങുന്ന ചരക്കു ട്രെയിനാണ് റെയിൽ മാർഗം അനന്ത്നാഗിലെത്തിച്ചത്.

&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&